# Imaginary Characters

**I. M. Kuttiah, B.Com. III**

WE were all sitting in the class, when an elderly man dressed in fine clothes, dragging his huge waist came into the class, and went straight to the table.

As our mathematics lecturer was newly appointed we thought that he was the lecturer and hence in our reverence to him, we stood up and bowed to him. He in turn greted us in the most cheerful way and said that he was a new student cf the college, and that he was a canditate for the Joint Secretaryship of the college union. we had taken him to be a lecturer as he was in full European dress but when we found him to be a fellow student seeking votes, our laughter knew no bounds.

"Please elect O. P. Nayer of U. P. C. as the Joint Secratary of the college union," so saying he went to each and every one of the students and distributed his green hand hills. He asked them to vote for him and every one assured him his vote but made furn of him soon after his depasture. As he came from the same town as myself and since he was a neighbour of mine, we soon he came great friends. From him I learnt that he had failed twice in the intermediate Examination and therefore he had now Joind the new College.

When the results of the election were announced, my friend pulled a lugubrious face, as his name was the last in the list. He has secured barely three votes. One was his own vote and the second was mine as I had proposed his name and the third by some unknown one. However the sorrow did not last long, for my friend stood for the secretaryship of the fine Arts Association. Since he was a good lover of music, I proposed his name for the Secretaryship.

But even this time he failed and this made him a noted figure in our class as he was the only person who had failed in two elections. He had an "owner driver" 18th century morris car which had borne No T. C. T. 200. Soon the mischievous boys of our class conferred on him a tittle "Ten root two" or merely 1052 as according to them this number was the square root of the number of his car. In the minetime the new lecturer had come, and while we was solving a problem in the "Index Laws" chapter he got the answer as 1052. This reminded the students of my friend and so they burst into a guffaw. The new lecturer was bewildered and so he went through the problem once again and this agitation doubled the vigour of our laughter. But later on the lecturer found out why he was laughed at, when another lecturer told him all about $10\sqrt{2}$.

Our College was newly constructed and so all the rooms had not heen alloted to particular classes. One day when $10\sqrt{2}$ and myself reached the college it was 9. 45 a. m. But my friend expressed his

disire to pay a visit to the college canteen. I had to yield to his wishes and so we went there. but when we went to the class it was 10-5 a. m. the lecturer who had to meet the class in the first hour was very punctual. He used to come to the class at the stroke of the bell and mark the attendance. For that period we had lost our ettendace. But as my friend perssuaded me, we two went to the door and my friend opened the door. He was resourceful and equal to the occasion.

"May we, enter the class, sir" he asked. "Why are you late, you late L atiff?" roared the lecturer.

"Sir, we were looking for our room, but we could not find it, and finally the peon directed us here" retorted my friend. Without any word we were allowed to enter the class and to my astonishment were given attendance by the lecturer.

A cheerful friend is a Joy for ever. When our mathematics lecturer finished his portion for the selection examination he said, "If you have any questions to ask, you may ask them now.". At that moment my friend stood up and without any hesitation, asked, "Sir, we want to know the questions given for our examinations." At this all the students and the lecturer too, laughed at him. but however my friend was bent upon asking some questions. So he took up our Algebra book and asked the lecturer for the solution of a problem from a series.

Another incident throws a lot of light upon my friend's character. Last year we had been to Bhagamandala (the sources of river cauvery) for the famous festival. There we lodged at the "Sukha Nivas." At that time it was filled up to its capacity and even the verandah was full. There were so many pilgrims so that it was difficult for us to have any repose. Actually we were in the sitting positions. There were many people who were sleeping around us. When it was getting late in the night and when almost all the pilgrims were dreaming of their homes my friend with loud voice shouted out, "A snake a Snake, a Snake is creeping here" and got up from his place. All the people awoke from their sleep and they were jostling up and down. Some were searching for sticks and some were searching for their kinsmen in that confused crowd of people and some were taking to their heels for safety. In their shuffle many people left the verandah and by the strategy of my friend we could get enough space for us to sleep comfortalby.

Once we had been to "Plaza" where, "Baiju Bawra" was redeased the same day. My friend was thoroughly acquainted with the people of filmdom and as soon as the song "Bhagawan, Bhagawan ye duniya ke Rakhuvala..........." was being song, he began his harangue on Milton's view on music and quoted the lines

"The melting voices thro' mazes running
..................................................
..................................................
such strains as would have won the ear,
of pluto........."...


I had to strive my best to keep my friend quiet, for, forgetting that he was in the theatre, he began to sing the song and every one was staring at him and they began to say "hush hush".

I shall mildly touch upon the foibles of my friend. He was a great reader and so he would not pay much attention to his dress.

If some body disturbed him in his studies he would pounce up on the intruder with fury. He was a terrible Smoker, but he would advise others not to Smoke. About punctuality also, though he used to advise others to be punctual, I did not find him to be punctual even on a single occasion. In thi case he was rally a man of words.

Alas, I had to part with my friend as he was successful in the examination and henee he has gone to Guindy, while I failed and am now 'decaying' in the U. P. C. for another year. But however I am confident to meet him soon in Guindy. Right was he, when Johnson wrote about friendship:

"Friendship, peculiar boon of heaven,
The noble mind's delight and pride
To men and angels only given,
To all the lower world demied".



# മനുഷ്യനും മൃഗവും

(മണ്ണിൽ രാജൻ U. P. C.)

**രാ**ത്രിസമയത്ത് പ്രശാന്തമായ ആ ഗ്രാമപ്രദേശത്തിന്റെ മാറിലൂടെ വളഞ്ഞു പുളഞ്ഞു പോകുന്ന മൺറോഡിൽനിന്നും കുതിരയുടെ കുളമ്പടിശബ്ദവും, മണിനാദവും ചാട്ടവാറിന്റെ ചീറലും, ഇതിനെല്ലാംപുറമെ അവറാന്റെ ഘനത്ത ശബ്ദവും ആ ഗ്രാമവാസികൾക്കെല്ലാം വ്യക്തമായി കേൾക്കാമായിരുന്നു. അതുപോലെത്തന്നെ കിഴക്ക് വെള്ള കീറുന്നതോടൊപ്പം വീണ്ടും ഇതാവർത്തിക്കുന്നതായി അനുഭവപ്പെടും. അതുകേട്ടിട്ടാണ് ആ ഗ്രാമവാസികൾ രാവിലെ എഴുന്നേററ് നിത്യവൃത്തികളിൽ ഏർപ്പെടാറ്.

ആ നാട്ടുകാരെല്ലാം പറയും "അവറാനൊരു ഭാഗ്യവാനാ! പണ്ട് എങ്ങനെ കയിഞ്ഞതാണ്. ഇപ്പം ആ കുതിരയെക്കൊണ്ടല്ലേ അവൻ നന്നായിത്തീർന്നത്" അത് ശരിയായിരുന്നു. ദുരിതത്തിൽനിന്ന് ദുരിതത്തിലേക്കുള്ള പ്രയാണമായിരുന്നു അവന്റെ ആദ്യകാലജീവിതം. അവന്റെ ബാപ്പ മരിക്കുമ്പോൾ അവന്ന് 10-15 വയസ്സ് കാണും. ആ ചെററക്കുടിലും ത്രികോണാകൃതിയിലുള്ള പറമ്പും വിച്ചുട്ടിമുതലാളി തന്റെ പുരയിടത്തോട്ട് ചേർത്തു. അപ്പോൾ അവ്റാൻ ഒരു തെരുവുതെണ്ടിയായിത്തീർന്നിരുന്നു. വിച്ചുട്ടിമുതലാളി അത്ര നിഷ്ഠുരനല്ലായിരുന്നു. അയാൾ അവന്ന് ഒരു ചെറിയ തുക നഷ്ടപരിഹാരമായി കൊടുത്തു. ആ സംഖ്യകൊണ്ടാണ് അവൻ ഒരു കുതിരയെയും കുതിരവണ്ടിയേയും വാങ്ങിയത്.

അവ്റാൻ ഒരു വണ്ടിക്കാരനായത്തീർന്നതോടുകൂടി അവന്റെ ഭാഗ്യസൂര്യനും ഉദിച്ചു. ആ വെളിച്ചത്തിലാണ് അവൻ ഒരു പുരയും പുരയിടവുമെടുത്തത്. രാത്രി വന്ന ഉടൻ തന്റെ ജീവനേക്കാൾ ഇഷ്ടപ്പെട്ടിരുന്ന ഭാനുവിനെ—അങ്ങിനെയായിരുന്നു അവൻ ആ കുതിരയെ വിളിച്ചിരുന്നത്—പന്തിയിൽ കൊണ്ടുപോയിക്കെട്ടി പുല്ലും വെള്ളവും കൊടുത്തേ അവ്റാൻ കുളിക്കാനും ഖുർ-ആൻ വായിക്കാനുമായി തിരിയാറുള്ളു. പക്ഷെ എന്തോ! അവന്റെ മനസ്സ് അസ്വസ്ഥമായിക്കൊണ്ടിരുന്നു. ആ പുര മരവിച്ചുകിടക്കുന്നതുപോലെ അവന്ന് തോന്നി. മേൽപുരയെല്ലാം മാറാലകെട്ടിക്കിടക്കുന്നു. അതിന്നുള്ളിലെ ഇടുങ്ങിയ ജീവിതം അവനിഷ്ടപ്പെട്ടില്ല. അങ്ങിനെ ആ മരവിച്ച ജീവിതത്തിന്നുള്ളിലേക്ക്, ചൈതന്യത്തിന്റെ പൊൻതിരിയുമേന്തി പാത്തുമ്മ കടന്നുവന്നു.

പാത്തുമ്മയുമൊന്നിച്ചുള്ള ആദ്യകാലരാത്രികളെക്കുറിച്ച് ചിന്തിച്ച് അവ്റാൻ ചിലപ്പോഴെല്ലാം രസിക്കാറുണ്ടായിരുന്നു. അന്നൊരുദിവസം രാത്രി വന്ന് അവൻ കുതിരക്ക് പുല്ലും വെള്ളവും കൊടുത്ത് കോലായിലേക്ക് കേറിയപ്പോഴുണ്ട് പാത്തുമ്മ വാതില്ക്കൽ നില്ക്കുന്നു. അവളുടെ മുഖത്ത് നിഴലിച്ചിരുന്ന ഗൌരവം കിടപ്പുമുറിയിലെത്തുന്നതുവരെ അവിടെ തങ്ങിനിന്നു. അവ

പായയിലിരുന്ന് കുറച്ച് പരിഭവസ്വര ത്തിൽതന്നെ പറഞ്ഞു.

"ങ്ങളെന്താ ഇത്ര നേരം ബയ്കണ്"'.

"അതൊ," അവൻ വിവരിക്കാൻതന്നെ പുറപ്പെട്ടു. "രാത്രി 9 മണിക്കല്ലെ പാത്തേ വണ്ടി വര്വാ. അത്വരെ കാക്കണ്ടെ? അ തിലുള്ളവർ വല്ലവരും ഞമ്മന്റെ വണ്ടി യിൽ കയറിയാൽ ആ കാസ് ലാഭം ആക്കാ? ആക്കാന്നെ?"

"ഇപ്പം മണി 11 ആയിട്ടുണ്ടാവും. അപ്പം ഇത്ര ശമയോം ങ്ങ്ള് എന്തെടുക്കായ്ന്നു", അവൾ വിടുന്ന ഭാവമില്ലായിരുന്നു.

"പട്ടണത്തിൽനിന്നിങ്ങട്ട് 7 നാഴിക യില്ലെ പാത്തേ! നീ അതൊന്നും അറി യൂല. അല്ലെങ്കീ നീ ഇബടെള്ളപ്പം ഞാൻ കഴിയുന്നതും ബേഗം ബരാല്ലെചെയ്യാ!!" അ വൻ അവളോട്ട് കുറച്ചുകൂടി ചേർന്നുകൊണ്ടു ചോദിച്ചു. അവൾ ഒന്നും മിണ്ടിയില്ല. നാണംകുണുങ്ങുകയാണൊ? പക്ഷെ അവ ളുടെ സമസ്തശുഭ്രലമായ കൈത്തണ്ടകളെ ആവരണംചെയ്തിരുന്ന കുപ്പിവളകൾ പൊ ട്ടിച്ചിരിച്ചു. അവളുടെ പൂങ്കവിളുകളിൽ റോസാപ്പൂക്കൾ വിടർന്നു. അവ്റാൻ അവ ളുടെ കൈത്തണ്ട ളിലേക്ക് നോക്കി. പ ച്ചയും. മഞ്ഞയും നീലയും, ചുവപ്പും നിറ ത്തിലുള്ള കുപ്പിവളകൾ. ഒരു ചെറിയ ക മ്പനംമതി, പൊട്ടിച്ചിരിക്കാൻ. അതു പോലെത്തന്നെയായിരിക്കും അവളുടെ മ നസ്സും എന്ന് അവന്ന് തോന്നി.

പിറേറദിവസം മുതൽ അവൻ നേത്തേ വരാൻ തുടങ്ങി. പക്ഷെ അതവന്റെ വ രുമാനത്തിന്ന് ഗണ്യമായ നഷ്ടമുണ്ടാക്കി. എങ്കിലും അവൻ പാത്തുമ്മയെ പ്രീതിപ്പെട്ടു ത്താൻ സദാസന്നദ്ധനായിരുന്നു. അവന്റെ മനസ്സിലൂടെ ആയിരം ചിന്തകൾ ചിറക ടിച്ചു പറന്നുപോകും. അവൾക്ക് ഒരു ക സവിന്റെ തട്ടം വാങ്ങിക്കൊട്ടക്കണം; പൊ ന്നിന്റെ കുമ്മത്തും, ലോലാക്കും വാങ്ങി ക്കൊടുക്കണം; അതിനെല്ലാംപുറമെ പൊ ളിഞ്ഞുവീഴാറായിരുന്ന അവന്റെ കുടില്പ പോലത്തെ വണ്ടി നന്നാക്കണം; കഴിയുമെ ങ്കിൽ പെയ്ൻറ്തേച്ച് ആകർഷകമാക്ക ണം, ഒരാടിനെ വാങ്ങണം.......ഇതിനെ ല്ലാംവേണ്ടി അവൻ കരുതിവെക്കുന്ന പണം പുരകെട്ടിന്നും, വണ്ടിനികുതിക്കും, വൈദ്യ ന്മാർക്കുമായി ചിലവായിപോകയാണ്,

അന്ന് വ്യാഴാഴ്ചയാണതുണ്ടായത്. ഭാനു വിനെ വണ്ടിയോട് ബന്ധിക്കാൻവേണ്ടി കൊണ്ടുപോകുമ്പോൾ അതിന്നു വല്ലാ ത്തൊരസ്വസ്ഥത. നടക്കാൻ തീരെ വയ്യാ ത്തപോലെ;...പാളി പാളി കൊണ്ടു ന ട ക്കുന്നു.

"ങ്ങളിന്നു പട്ടണത്തിലേക്ക് പോണ്ട. കു തിരക്ക് വയ്യാത്തപോലെ തോന്ന്ന്ന്," ഇ റയത്തുനിന്നുകൊണ്ട് പാത്തുമ്മ അറിയിച്ചു. എന്നിട്ടവളൊന്ന് ചിരിച്ചു, വല്ലാത്തെ ഒരു കുസൃതിച്ചിരി!!

"എനിക്കും ഇന്ന് തീരെ സൊഖമില്ല, ങ്ങളിന്ന് പോണ്ട,"

അത് ശരിയാണെന്ന് അവ്റാന്നു തോ ന്നി. അവൾക്ക് മാസം ഇത് പത്താ. എ ന്തെങ്കിലും ഉണ്ടായെങ്കിലോ? അവൻ അന്ന് പട്ടണത്തിലേക്ക് പോയില്ല.

അന്ന് അവൻ വിചാരിച്ചപോലെയൊ ന്നെ ഉണ്ടായി. പാത്തുമ്മ പായിൽ കിടന്നു. അവ്റാൻ വേലത്തിഅമ്മയെ കൂട്ടിക്കൊണ്ടു വന്നു. അന്നു വൈകുന്നതിന്നു മുമ്പുതന്നെ പാത്തുമ്മയുടെ തള്ളയും, അനുജത്തിയും, അ നുജത്തീടെ മാപ്പിളയും വന്നു. വെളുപ്പാൻ കാലമായിരിക്കണം, പാത്തുമ്മ ഒരു പെൺ

കൊച്ചിനെ പ്രസവിച്ചു. കുട്ടിയെ കുളിപ്പിച്ചു പായിൽകിടത്തി. അവ്റാൻ ആദ്യമായി ആ കാഴ്ച കണ്ടു. അവൻെറ സന്തോഷം അണപൊട്ടിയൊഴുകി.

രാവിലെ നല്ലവണ്ണം പ്രകാശമായപ്പോൾ അവൻ പന്തിയിലേക്ക് ചെന്നു. അപ്പോഴുണ്ട് അവിടെ ഭാനുവിൻെറ അടുത്തായി ഒരു കുതിരക്കുട്ടി നില്ക്കുന്നു. ഭാനു അതിനെ നക്കിത്തോർത്തുകയാണ്. ആ കൊച്ചുമിടുക്കി അവ്റാനെ കണ്ട് തലയാട്ടുന്നു. ഒരു വെളുത്ത പാണ്ട് അതിൻെറ നെററിയിൽ. അവൻ ഇതെല്ലാം ഒരൊററനോട്ടത്തിൽ കണ്ടു. ''പാത്തേ'', അവൻ ചാടിക്കൊണ്ട് അകത്തേക്കോടി.

''നമ്മുടെ ഭാനു പ്രസവിച്ചെടി, നല്ല ഓമനക്കുഞ്ഞ്''. അവൻ ഒരൊററവീർപ്പിന്ന് ഇത്രയും പറഞ്ഞു, അവൾ അപ്പോഴും ഒന്നു ചിരിച്ചു. ആ പഴയ കുസൃതിച്ചിരി!

വെള്ളിയാഴ്ച പ്രസവിച്ചതുകൊണ്ട് കുതിരക്കുട്ടിക്ക് അവ്റാൻ ''വള്ളി'' എന്നു പേരിട്ടു. പാത്തുമ്മ തൻെറ കുഞ്ഞിന്ന് ''സുഹ്റാബി'', എന്ന് നാമകരണംചെയ്തു. രണ്ടുപേരും മിടുക്കികളായി വളൎന്നുവന്നു. അപ്പോഴെല്ലാം അവ്റാൻെറ മനസ്സിൽ ആനന്ദത്തിൻെറ കുമ്പുവിരിയുകയായിരുന്നു.

പെരുന്നാൾദിവസം വന്നു. അന്തരീക്ഷത്തിലാകമാനം ഇറച്ചിയുടേയും, മസാലയുടേയും കൂടിച്ചേൎന്നുകൊണ്ടുള്ള സൌരഭ്യം തളംകെട്ടിനിന്നു. അവ്റാൻ തൻെറ കുഞ്ഞിനെ കയ്യിലെടുത്തുകൊണ്ട് പന്തിയിലേക്ക് ചെന്നു. ആ കുസൃതിപ്പെണ്ണ് ബാപ്പായുടെ പുത്തൻ തലേക്കെട്ട് വലിച്ചുപറിച്ചു. തൻെറ പുതിയ നീല ഉടുപ്പിട്ടതുകൊണ്ടാകാം അവൾക്ക് അത്ര ഡംഭ്. അവ്റാൻ അവൾക്ക് വള്ളിയുടെ മുഖത്തെ വെളുത്ത പാണ്ട് കാണിച്ചുകൊടുത്തിട്ട് ചോദിച്ചു. ''നിങ്ങള് രണ്ടുപേരും ഒരു ദിവസമല്ലെ ജനിച്ചതു്? എന്നിട്ട് നെഞ്ഞെവിടെടി പാണ്ട്.''

അതുകണ്ട് അയവിറക്കിക്കൊണ്ടിരുന്ന ഭാനു തലയാട്ടി. ഉമ്മറത്ത് വാതിലിൻെറ മറവിൽ നിന്നിരുന്ന പാത്തുമ്മ ഇതെല്ലാം കണ്ടു രസിച്ചു.

ദിവസങ്ങൾ നീങ്ങുന്നതോടൊപ്പം അവ്റാൻെറ പ്രാരാബ്ധവും വൎദ്ധിച്ചു. നിത്യസമ്പാദ്യം അന്നന്നത്തെ ജീവിതവൃത്തിക്ക് തികഞ്ഞില്ല. പഴകിപ്പൊളിഞ്ഞ തൻെറ വണ്ടിയിൽ ആരും കേറാതെയായി. അങ്ങനെ ദുഷ്കരമായ ജീവിതത്തെ ഉന്തിത്തള്ളിക്കൊണ്ട് അവ്റാൻ ജീവിച്ചു.

അന്നൊരു ദിവസം അവ്റാൻ രാത്രി 9 മണിക്ക് വരുന്ന വണ്ടിയെ കാത്ത് റിക്ഷാസ്റ്റാൻഡിൽ നില്ക്കുകയായിരുന്നു. ഒരു നീണ്ട മെലിഞ്ഞ വ്യക്തി അവനെ സമീപിച്ചു. അയാളുടെ പക്ഷത്ത് ഒരു പേപ്പറും കയ്യിൽ ഒരു ഫയലുമുണ്ടായിരുന്നു.

''എടോ—അവ്റാനല്ലെ അത്''

''അതെ മൂപ്പരെ, അവ്റാനാണ്''

''ങ്ഹാ—എന്നാൽ ഞങ്ങളുടെ ദിവ ജനസമാജം കാര്യദൎശി മി: അനന്തനാരായണഘോഷ് ഈ വണ്ടിക്ക് ഇവ്ടെ വരും. പൌരാവലിയുടെ സ്വീകരണം കഴിഞ്ഞു ഇങ്ങട്ട് വരും. അയാളെയും വേറെ ഞങ്ങളെ മൂന്നു പേരേയുംകൂടി ഞങ്ങളുടെ ക്കിങ്ങ്കമ്മററിആഫീസിൽ എത്തിക്കണം —കേട്ടോ.''

അവ്റാൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും ചില കുമിളകൾ ബഹിൎഗ്ഗമിച്ചു. അവിടെ ഒരു ആശാനാളം ജ്വലിക്കുകയായിരുന്നു. അവ്റാനൊന്നു നിശ്വസിച്ചു.

ഏറെത്താമസിയാതെത്തന്നെ ആ മാന്യ ദേഹം അവ്‌റാന്റെ വണ്ടിയിൽ വന്നുക യറി. തന്റെ സേവനതല്പരത ചുവക്കുന്ന പുഞ്ചിരി അവ്‌റാന്നു് സമ്മാനിച്ചുകൊണ്ടു് അയാൾ പൂച്ചെണ്ടുകളും, മാലകളും അഴിച്ചു വെച്ചു. മററു മൂന്നുപേരും കയറി.

ചാട്ടകൊണ്ടു് ഭാനുവിന്റെ നട്ടപ്പുറത്തു് നാലു കൊട്ടുത്തു അവ്‌റാൻ കടിഞ്ഞാൺപി ടിച്ചുവലിച്ചു. ഭാനു നീങ്ങുന്നില്ല. അവൻ വീണ്ടും പ്രഹരിച്ചു. ഭാനു കാലുകൾ ചലി പ്പിക്കാൻ തുടങ്ങി, പക്ഷെ അതിന്നു് വ ല്ലാത്ത ഒരസ്വാസ്ഥ്യം! അവ്‌റാൻ തന്റെ കൈ കുഴയുന്നതുവരെ അതിന്റെ പുറത്ത ടിച്ചു. എങ്ങിനെയെങ്കിലും വക്കിങ്ങ്ക മ്മിററിഓഫീസിൽ എത്തി. ആ മാന്യൻ ഇറങ്ങി അകത്തേക്കു പോയി. അയാളുടെ അകമ്പടിസേവിച്ചുകൊണ്ടു് മററു മൂന്നു പേരും....

അവർ ആ മുറിക്കുള്ളിൽനിന്നു് എന്തൊ ക്കെയോ പറയുന്നുണ്ടു്. കുപ്പിഗ്ലാസുകൾ ചലിക്കുന്ന ശബ്ദം. മററും മററുമൊക്കെ അവൻ ശ്രദ്ധിച്ചു. കുറച്ചു കഴിഞ്ഞു് അ വൻ നിസ്സങ്കോചം അകത്തുകയറി ആ മാ ന്യദേഹത്തോടായി പറഞ്ഞു.

''മൂപ്പരെ, ഞമ്മക്കു് വീട്ടും കുടിയുമുള്ളതാ ണെ—എന്താച്ചാ വേഗം തരണം.''

അയാൾ ആ പഴയ പുഞ്ചിരി ഒന്നുകൂടി സമ്മാനിച്ചു. ആ നീണ്ടു മെലിഞ്ഞ വ്യക്തി അവനെ വിളിച്ചു് വേഗം പുറത്തേക്കു ന ടന്നു.

''എടാ കുശവ! നിനക്കു് ബുദ്ധിയുണ്ടോ? അദ്ദേഹത്തോടാണോ ഇതൊക്കെ ചോ ദിക്കുക. നിനക്കു് പണമല്ലെ വേണ്ടതു്, അതു് ഞങ്ങൾ തരില്ലെ! ഞങ്ങൾക്കു ആ ക്ഷേൻകമ്മിററി യോഗം ചേന്നു് മൂലധനമു ണ്ടാക്കണം എന്നിട്ടെ ഇത്തരം ചിലവുകൾ നിർവ്വഹിക്കാനാവൂ. പരിചയക്കാരനായതു കൊണ്ടു് രണ്ടു ദിവസം കഴിഞ്ഞു കൊട്ട ത്താൽ പോരെ എന്നു വിചാരിച്ചാണു് നിന്റെ ഈ ചെററവണ്ടിയിൽ കയറി യതു്. ഇപ്പോൾ പണമുണ്ടെങ്കിൽ വേറെ യുണ്ടായിരുന്ന ഒരു നല്ല വണ്ടിയിൽ കയറു മായിരുന്നില്ലെ. ഇതൊക്കെ ഇപ്പും പറ യണൊ. നീ ബുദ്ധിയുള്ളവനാച്ചാൽ അ പ്പോൾത്തന്നെ അതു മനസ്സിലാക്കിയേ നെ! സമയമില്ല. നീ പോയ്ക്കോ''—അയാ ളിത്രയും പറഞ്ഞു് അകത്തേക്കു് വലിഞ്ഞുക യറി. അപ്രതീക്ഷിതമായ ആ ആഘാത മേററു് അവന്റെ ഹൃദയം ആഴത്തിൽ മുറിഞ്ഞു.

അന്നു് രാത്രി അന്ധകാരാവൃതമായ അന്ത രീക്ഷത്തിലേക്കു ഉററുനോക്കിക്കൊണ്ടു് രണ്ടു വാടിയ കണ്ണുകൾ നിന്നിരുന്നു. ദൂരത്തുനി ന്നും കുതിരയുടെ കുളമ്പടിശബ്ദം കേട്ടപ്പോൾ ആ കണ്ണുകളിൽ പ്രഭാപ്രസരം ചിന്നിച്ചി തറി.

അവറാൻ ദുഃഖമൂകനായി അകത്തുകയറി. പുറമെ ഇടിയും മഴയും കൊട്ടമ്പിരിക്കൊണ്ടു വരുന്നു. മിന്നൽപിണരുകൾ ജാലകംവഴി അവന്റെ മുഖത്തേററുകൊണ്ടിരുന്നു. അവ റാൻ ഞെരുങ്ങിക്കൊണ്ടു് ഇത്രമാത്രം പറ ഞ്ഞു. ''പാത്തേ! ഞാനാ ഭാനുവിനെ അനാ വശ്യമായി അടിച്ചുവെടി. അതിനു് വേദ നയായിരിക്കും. അതിന്നു് വയ്യാത്തപോ ലെയുണ്ടു്.''

രാത്രിയിൽ അവനു് ഉറക്കം വന്നില്ല. ''ഭാനുവിനെ തലോടിക്കൊട്ടക്കണം''. അ വന്നു് തോന്നി. പക്ഷെ പുറത്തു് ഭയങ്കര മായ മഴയാണു്. എങ്ങിനെ പോകും? പാ ത്തയുടെ കൂക്കംവലി നിസ്സഹായമായ ജീവി തത്തിന്റെ അനുരണനങ്ങൾ അവനിലുണ്ടാ ക്കി. അവൻ കിടന്നു. ഇറയത്തു് വെള്ളം

വീഴുന്ന ശബ്ദം കേൾക്കുന്നുണ്ട്. ചെലങ്ങിമറിഞ്ഞ വെള്ളം ഇടവഴികളിലൂടെ കുത്തിയൊലിക്കുന്നുണ്ടാവും. അപ്പോൾ....

പിറേന്ന് രാവിലെ അവിടെ ഒരു ചെറിയവിഭാഗം ജനങ്ങൾ കൂടിയിരുന്നു. ആ വലിയ നാല്കാലിമൃഗത്തെ താങ്ങിക്കൊണ്ടു ചിലർ നടന്നു. അഞ്ച് ആ വിജനമായ കുന്നിൻചെരുവിൽ ഒരു വലിയ കുഴി കുത്തിവെച്ചിരുന്നു.

നിറഞ്ഞ കണ്ണുകളോടെ പാത്തുമ്മ അവറാനെ സമീപിച്ചു. അവൻ വാവിട്ടു നിലവിളിക്കുകയാണ്. സുഹ്റാബീ പാത്തുമ്മയെ കെട്ടിപ്പിടിച്ചു നിലവിളിച്ചു. "നിങ്ങള് എന്തി കരഞ്ഞിട്ടെന്തുകാര്യം" അവൾ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"നീ പോടീ! ഞാനത് അനുഭവിക്കണമെടി, ഞാനതിനെ അടിച്ചുകൊന്നു. പടച്ചോൻ എനിക്ക് മാപ്പുതരില്ല" അവൻ നേരെ വള്ളിയുടെ അടുത്തേക്കോടി. അതു വാലാട്ടിക്കൊണ്ടു് പുല്ലുതിന്നുകയാണ്. അവറാൻ അതിനെ കെട്ടിപ്പിടിച്ചു ചുംബിച്ചു.

"വള്ളീ നീ എനിക്ക് മാപ്പുതരില്ലെടീ? ഞാൻ നിന്റെ തള്ളേനെ കൊന്നുവെടീ. നീ പൊറുക്കെടീ" അവൻ വാവിട്ടു നിലവിളിച്ചു. അപ്പോഴും ആ മൃഗം പുല്ല് തിന്നുകയായിരുന്നു, വാലാട്ടിയിരുന്നു.

ഭാനുവിനുപകരം ആദ്യമായി വള്ളിയെ അവൻ ആ വണ്ടിയോടുകൂടി ബന്ധിച്ചു. കണ്ണുനീർത്തുള്ളികൾ കൺകോണുകളിൽനിന്നും താഴേട്ടേക്കു ചാടി, അവന്റെ കറുത്ത് നീണ്ട താടിയിൽ തങ്ങിനിന്നു. സൂര്യരശ്മികൾ ഏററു് അവ അത്യന്തം തിളങ്ങി. അവനാചാട്ടവാറെടുത്ത് രണ്ടു് തുണ്ടമാക്കി വലിച്ചെറിഞ്ഞു. ഇതെല്ലാം പാത്തുമ്മ വാതില്ക്കൽനിന്നു് നിറഞ്ഞ കണ്ണുകളോടെ നോക്കിനിന്നു. ആ വണ്ടി മന്ദം മന്ദം മുന്നോട്ട് നീങ്ങി വിദൂരതയിൽ മറഞ്ഞു.

ഒരുദിവസം രാത്രി അവറാൻ തന്റെ പുരയിലേക്കു ബദ്ധപ്പെട്ടു കടന്നു. പാത്തുമ്മ എന്താ ചോദിക്കാൻ മുതിരുന്നതിന്നുമുമ്പ് അവൻ പറഞ്ഞു.

"പാത്തോ! നീ കേട്ടുവോടീ. ഇവിടൊക്കെ നടപ്പുദീനം പരക്കുന്നുണ്ട്. പടച്ചോൻ സഹായിച്ചു നമ്മക്കൊന്നും ഉണ്ടാകാതിരുന്നാ മതിയായിരുന്നു."

അന്നു രാത്രി കിടക്കാൻ പോകുന്നതിന്നു് മുമ്പ് "പാത്തക്കും, കുട്ടിക്കും ഒന്നും വരരുതെ" എന്നു് അവറാനും "കുട്ടിക്കും കുട്ടീടെ ബാപ്പക്കും ഒന്നും വരരുതെ" എന്നു് പാത്തുമ്മയും അല്ലാഹുവിനോടു പ്രാർത്ഥിച്ചു. പക്ഷേ അവറാന്റെ പ്രാർത്ഥന ഈശ്വരൻ ചെവിക്കൊണ്ടില്ല എന്നു് തോന്നുന്നു—പാത്തുമ്മയും കുട്ടിയും ദീനംപിടിച്ചു കിടപ്പിലായി.

അവറാൻ ഒരു ഭ്രാന്തനെപ്പോലെ ഓടിനടന്നു. വൈദ്യനും നടപ്പുദീനം. ഡാക്കുറെ പട്ടണത്തിൽനിന്നു കൊണ്ടുവരാമെന്നുവെച്ചു അവറാൻ പുറപ്പെട്ടു.

പാത്തുമ്മയും കുഞ്ഞും പായയിൽകിടക്കുമ്പോ മിണ്ടാത്ത അവസ്ഥയിൽ. "ന്റെ പുന്നാര പാത്തേ" അവറാൻ വിളിച്ചു. അവൾ ഒന്നു് കണ്ണുതുറന്നു. പിന്നെ അടച്ചു....

അവൻ ഡാക്കുറെ കൊണ്ടുവന്നു. മലിനമായ പായക്കുചുററും ഈച്ചകൾ പാറിനടക്കുന്നു. അവരുടെ ശ്വാസം നിലച്ചിരുന്നുവോ? അവനെന്താണ് കാണുന്നത്? ഡാക്കുർ അവരെ ഒന്നു സൂക്ഷിച്ചുനോക്കി. എന്നിട്ട് ഒന്നും പറയാതെ ഇറങ്ങിനടന്നു. അവറാന്റെ തലയിൽ ഒരായിരം ഹൈഡ്രജൻ ബോംബ് ഒന്നിച്ചുവീണു പൊട്ടിയപോലെ

അവൻ ബോധ രഹിതനായി നിലത്തുവീണു. പിന്നെ ബോധംവന്നപ്പോൾ അവിടെ ഒരു ചെറിയവിഭാഗം ജനങ്ങൾ തടിച്ചുകൂടിയിരുന്നു. മയ്യത്ത് പള്ളിയിലേക്ക് എടുത്തുകൊണ്ടുപോയി. അപ്പോഴും അവൻ ഒന്നും ചിന്തിച്ചില്ല. പക്ഷെ വെളുത്ത പാണ്ടോടു കൂടിയ വള്ളിയുടെ മുഖം അവൻെറ മനസ്സിൽ തെളിഞ്ഞുവന്നു.

പിന്നീടവൻ തനി ഭ്രാന്തനെപ്പോലെ ആയിത്തീർന്നിരുന്നു. ആരോടും ഒന്നും മിണ്ടില്ല. പിറുപിറുങ്ങനെ പലതും പറയും—അവ്യക്തമായ ഭാഷയിൽ, പക്ഷെ വള്ളിയെ തലോടാനും, ഖുർആൻ വായിക്കാനും അവൻ മറക്കാറില്ല. ഇന്നും രാത്രിയിലും രാവിലെയും ശോകമൂകമായ ഗാനധാരയെ ഉതിർത്തുകൊണ്ട് ആ വണ്ടി മൺറോട്ടിലൂടെ നീങ്ങാറുണ്ട്. അതിൻെറ മണിനാദവും വള്ളിയുടെ കുളമ്പടിയും ആ ഗ്രാമീണരെ ശോകാത്മകമായ ആ ദുരന്തകഥയെ അനുസ്മരിപ്പിക്കും. ഇന്നവർ പറയും,

"അവറാനൊരു നിർഭാഗ്യവാനാണ്"

"കൊള്ളാൻ വല്ലതുമൊന്നു കൊട്ടക്കാ-
നില്ലാതില്ലൊരു മുൾച്ചെടിയും
ഉദയക്കതിരിനെ മുത്തും മാനവ-
ഹൃദയപ്പനിനീർ പ്പൂന്തോപ്പിൽ"

— വൈലോപ്പിള്ളി.

"ജീവിതമെനിക്കൊരു
ചൂളയായിരുന്നപ്പോൾ
ദ്യോവിനാ വെളിച്ചത്താൽ
വെണ്മഞൊനുളവാക്കി".

— ജി. ശങ്കരക്കുറുപ്പ്.

# ഒരു വികാരവും കുറെ രൂപങ്ങളും

(പി. എസ്സ്. പാർത്ഥസാരഥി, B. Sc. II)

**ഹോ**സ്റ്റലിലെ സ്റ്റഡി ബെല്ലടിച്ചു. രാത്രി 9 മണിയായിക്കാണും. ഹോസ്റ്റൽ പെട്ടെന്നു് നിശ്ശബ്ദതയിൽ ലയിച്ചുചേർന്നു. ഒരു തരം ശ്മശാനമൂകത! വരാന്തയിൽക്കൂടി തിരക്കിട്ടു് ഒന്നു രണ്ടു പേർ എങ്ങോട്ടോ നടന്നു പോയി. നല്ല ഉഷ്ണമുള്ള ദിവസമാണു്. ഷർട്ടൂരി സ്റ്റാൻടിൽ നിക്ഷേപിച്ചശേഷം ഞാൻ വായിക്കുവാനുള്ള ശ്രമം തുടങ്ങി. സഹമുറിയന്മാർ രണ്ടുപേരും വായന തുടങ്ങിയിരിക്കുന്നു. ജനാലക്കരികിലുള്ള മേശമേൽ പുസ്തകവുമായി ഞാനും സ്ഥലംപിടിച്ചു. വിൻഡോകർട്ടനിൽ ചുളിവുകൾ സൃഷ്ടിച്ചുകൊണ്ടൊരു കൊച്ചുകാററ് മുറിയിൽ ഓടിക്കളിച്ചിരുന്നു. ചുവരിൽ തൂക്കിയിട്ടിരിക്കുന്ന കലണ്ടറിലെ ചിരിക്കുന്ന സുന്ദരിയുടെ പടം കാററിൽ കുറേശ്ശെ ഇളകിയിരുന്നു. പുസ്തകത്തിന്റെ താളുകൾ അലക്ഷ്യമായി മറിച്ചുകൊണ്ടു് ഞാനിരുന്നു. ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കുന്നില്ല. മനസ്സു് എവിടെയൊക്കെയോ പാഞ്ഞുനടക്കുകയാണു്. നാളെ കെമിസ്ട്രി പരീക്ഷയാണു്. വായിക്കാതിരിക്കാനൊക്കുമോ? ഞാൻ വീണ്ടും പുസ്തകത്തിലെ വരികളിൽക്കൂടെ കണ്ണോടിച്ചു. ഡാൾട്ടന്റെ ആറേറാമിക് തിയറിയാണു്. **Atoms are invisible and indivisible.** എത്രപ്രാവശ്യം അതുതന്നെ വായിച്ചെന്നറിയില്ല!!! മനസ്സിലൊന്നും തങ്ങിനില്ക്കുന്നില്ല. ഓരോ അക്ഷരങ്ങൾക്കും വലിയ ഘനംപോലെ തോന്നുന്നു. വിൻഡോ കർട്ടൻ കുറച്ചു ചുരുട്ടിവെച്ചു. നല്ല തണുത്ത കാററടിക്കുന്നു. പുറത്തു് നേരിയ നിലാവുണ്ടു്. തെങ്ങോലകൾ കാററിൽ ശബ്ദമുണ്ടാക്കിക്കൊണ്ടാരേയോ മാടിവിളിക്കുകയാണു്. നീലാകാശത്തിന്റെ മാറിൽ കുറെ വെള്ളിപ്പൂക്കൾ ചിതറിക്കിടക്കുന്നു. അവയിലെ ഒന്നുരണ്ടെണ്ണം താഴോട്ടൊലിച്ചിറങ്ങുന്നപോലെ തോന്നി. ആട്ടിൻപററങ്ങളെപ്പോലെയുള്ള മേഘച്ചാർത്തുകൾ മാനത്തു് കൂടിനില്ക്കുന്നു, ഒററപ്പെട്ട ഒരു വെള്ളിമേഘക്കീറ് പടിഞ്ഞാറെ വാനിലൂടെ എങ്ങോട്ടോ തിരക്കിട്ടു നീങ്ങിക്കൊണ്ടിരുന്നു

.............ഓർമ്മയുടെ ചുരുളുകൾ നിവരുകയാണു്. ഇതുപോലെ നിലാവുള്ള രാത്രികൾ! പക്ഷെ അന്നത്തെ നിലാവിന്നു് ഇതിലും കൂടുതൽ ശോഭയുണ്ടായിരുന്നു. മാനത്തു് ഇത്രയധികം കറുത്ത മേഘമാലകളുണ്ടായിരുന്നില്ല. കായലിലേക്കു ചാഞ്ഞുനില്ക്കുന്ന തെങ്ങിൽ ചാരി ഞാൻ നില്ക്കുകയാണു്. സമീപത്തു് ലീലയും! അവളുടെ തലമുടിച്ചുരുളുകൾ കാററിൽ പാറിക്കളിക്കുന്നതു് എനിക്കു് നിലാവിൽ വ്യക്തമായി കാണാം. കായലിൽകൂടി പോയ്ക്കൊണ്ടിരിക്കുന്ന സാമാനവഞ്ചികളിൽനിന്നു്, വഞ്ചിപ്പാട്ടിന്റെ ഈരടികൾ അവ്യക്തമായിക്കേൾക്കാം. എന്റെ ഷർട്ടിന്റെ കോളർ അലക്ഷ്യമായി പിടിച്ചുവലിച്ചുകൊണ്ടവൾ പറയും "എത്ര മനോഹരമായ രാവ്? അല്ലേ ചേട്ടാ" അവളുടെ തലമുടിച്ചുരുളുകളിൽ തിരുകിവെച്ചിരുന്ന മുല്ലപ്പൂക്കളുടെ മണം ആസ്വദിച്ചുകൊ

ണ്ടു് ഞാനൊന്നു് നീട്ടിമൂളും. കായലിൻെറ കരയിലുള്ള കൈതക്കാട്ടുകൾക്കിടയിലൂടെ ചന്ദ്രൻ എത്തിനോക്കുന്നുണ്ടാകും. കായലിലെ കൊച്ചലകളെ സ്വപ്നംപൂശിക്കൊണ്ടതിൻെറ ഭംഗിയാസ്വദിക്കുകയാണു് ചന്ദ്രിക. മനോഹരങ്ങളായ ആ രാവുകളെല്ലാം മാഞ്ഞുപോയി. ആ നല്ല നാളുകളെക്കുറിച്ചോർക്കുമ്പോൾ ഹൃദയത്തിനകത്തൊരു നൊമ്പരം. എല്ലാം കത്തിത്തീന്നു. ആ നല്ല കാലത്തിൻെറ ചാരം കുന്നുകൂടിക്കിടക്കുകയാണു്. ഓമ്മയുടെ കെടാത്ത ചില കനൽക്കട്ടകൾ ആ ചാരക്കൂമ്പാരത്തിലിരുന്നു് വെറുതെ മിന്നുകയാണു്. വേദനിക്കാൻവേണ്ടി മാത്രം!

ഓണത്തുമ്പികളെ പിടിച്ചും, പൂഴിച്ചോറു വെച്ചും ഞങ്ങളുടെ ബാല്യകാലം കടന്നുപോയി. എൻെറ അയൽവീട്ടുകാരിയായ ലീല എന്നും എൻെറ ഒരുമിച്ചേ സ്കൂളിലേക്കു് പോകൂ; വഴിവക്കിലെ ആ വലിയ പുളിമരത്തിൻെറ ചുവട്ടിൽ അവൾ എനിക്കുവേണ്ടി കാത്തുനില്ക്കും. ഒരു നൂറുകൂട്ടം കാര്യങ്ങൾ അവൾക്കെന്നോടു് പറയുവാനുണ്ടാകും. സ്കൂളിൽ എത്തുന്നതറിയില്ല. എത്ര സംസാരിച്ചാലും മതിവരാത്ത പ്രകൃതമായിരുന്നു ലീലയുടേതു്. ചിത്രശലഭങ്ങളെപ്പോലെ നിറപ്പകിട്ടാന്ന കാലങ്ങൾ ആക്കും വേണ്ടി കാത്തുനില്ക്കാതെ വേഗം കടന്നുപോയി. ലീലയും ഞാനും വളരുകയാണു്. ലീല ഒരു യുവതിയായിത്തീരുകയാണു്. ഒരു മാലാഖയുടെ സൗന്ദര്യം അവളിൽ കേന്ദ്രീകരിച്ചിരുന്നു. വെള്ളിമേഘക്കീറിൻെറ നൈർമ്മല്യവും മഴവില്ലിൻെറ മനോഹാരിതയും ഒത്തുചേർന്ന ഒരു കൊച്ചു മാലാഖ!

ഞങ്ങളുടെ ബന്ധത്തെക്കുറിച്ചറിവുള്ള എൻെറ കൂട്ടുകാർപറയും: ''നിർഭാഗ്യവാനാണു്!'' ലീലയുടെ സൌന്ദര്യം കാണുമ്പോൾ അതു വാസ്തവമാണെന്നെനിക്കും തോന്നിയിട്ടുണ്ടു്. അങ്ങിനെ എന്തിനോവേണ്ടി ഞങ്ങളടുത്തു. പരസ്പരം സ്നേഹിച്ചു. വായുവും വെള്ളവുംപോലെ ഞങ്ങൾക്കിരുവക്കും ആ സ്നേഹം ഒരത്യാവശ്യമായിരുന്നു. ഹൃദയത്തിൻെറ പൊത്തിൽ ഒരു വാനമ്പാടി കൂട്ടുകൂട്ടുകയാണു്. ഇക്കിളിപ്പെടുത്തുന്ന ഒരനുഭവം!

ഇപ്പോൾ ഞങ്ങൾക്കു് പണ്ടത്തെപ്പോലെ അത്രഅടുത്തു് പെരുമാറാൻ പാടില്ല. അവൾ ഒരു യുവതിയായിക്കഴിഞ്ഞിരുന്നു; ഞാൻ ഒരു യുവാവും. സമുദായത്തിൻെറ മുമ്പിൽ അകന്നുനില്ക്കേണ്ട രണ്ടു ധ്രുവങ്ങൾ! അവ ഒരു പരിധിക്കുള്ളിലേ അടുത്തുകൂടൂ. എങ്കിലും സംസാരിക്കാനറിയാവുന്ന നാലു് കണ്ണുകൾ പരസ്പരം ആശയങ്ങൾ സംസാരിച്ചു. സിക്സ്ത്ഫോം ഞങ്ങൾ രണ്ടുപേരും ഒന്നിച്ചാണു് പാസായതു്. ഞാൻ കേളേജിൽ ചേന്നു. സാമ്പത്തികമായി വലിയ കഴിവില്ലാത്തതിനാൽ ലീല തുടന്നു പഠിച്ചില്ല. എങ്കിലും ഒഴിവുകാലത്തു ഞങ്ങൾതമ്മിൽ കണ്ടുമുട്ടും. വേർപാടിൻെറ വേദന അന്നു് ശരിക്കും ഞാൻ മനസ്സിലാക്കി. നല്ലൊരുനാളെക്കുവേണ്ടി അവൾ കാത്തിരുന്നു. ഞാൻ പരിശ്രമിച്ചു. ചന്തമുള്ള വസന്തങ്ങൾ ഒന്നുരണ്ടെണ്ണം വീണ്ടും മറഞ്ഞുപോയി. ലീലക്കു പല വിവാഹാലോചനകളും വന്നു. എനിക്കുവേണ്ടി അവളതെല്ലാം തട്ടിമാററി. ''ആക്കുവേണ്ടിയാടി നീയിക്കാത്തിരിക്കുന്നതു്?'' അവസാനം അവളുടെ പിതാവു് ചോദിച്ചു. അവളുടെ പ്രിയപ്പെട്ട ചേട്ടനുവേണ്ടി അവൾ കാത്തിരുന്നു. ....................... പ്രതിബന്ധങ്ങളോടു് മല്ലിട്ടുനോക്കി!.......... പക്ഷെ........ .. അവസാനം ആ പ്രതിബന്ധങ്ങളോടു് മല്ലിട്ടു് അവൾ തളന്നുവീണു! പ്രായമായ മകൾ രക്ഷിതാക്കൾക്കൊരു ഭാരമാണു്.! അവസാനം ലീലയുടെ വിവാഹം നിശ്ചയിക്കപ്പെട്ടു. അവൾ എനിക്കു വിവരം അറിയിച്ചു: ''ചേട്ടാ ഞാൻ നീറി ദഹി

ക്കുകയാണ്, സാധിക്കുമെങ്കിൽ എന്നെ രക്ഷിക്കു. നാം പലതും വിചാരിച്ചു. പലതും പറഞ്ഞു. അതെല്ലാം അവസാനിക്കാൻ പോകയാണ്! ചേട്ടനെന്നെ സഹായിക്കാൻ സാദ്ധ്യമല്ലെങ്കിൽ എന്നെ എന്നെന്നേക്കുമായി മറന്നേക്കൂ!" ആ കത്തിലെ വരികൾ ഹൃദയത്തിൽ ഒരായിരം മൊട്ടുസൂചികൾ ഒന്നിച്ചുതറക്കുന്ന അനുഭവം! ഭൂമിക്കടിയിലേക്കു താഴ്ന്നുപോകുന്ന ഒരു പ്രതീതി! ഞാനെങ്ങിനെയാണവളെ സഹായിക്കുന്നത്? വിവാഹം എന്നെസംബന്ധിച്ചിടത്തോളം ഉത്തരംകിട്ടാത്ത ഒരു പ്രശ്നമാണ്. എന്റെ ഉയർച്ചയെ ഉററുനോക്കിക്കൊണ്ടെന്റെ പ്രായമായ മാതാപിതാക്കൾ പല പ്രതീക്ഷകളും വളർത്തിക്കൊണ്ടുവന്നിട്ടുണ്ട്. ഞാനതു തകത്തുകൂടാ! അതൊരു ഭയങ്കരതെററാണ്. ലീല ഒരു യുവതിയാണെങ്കിലും, എന്റെ രക്ഷിതാക്കന്മാരുടെ മുമ്പിൽ ഞാനിപ്പോഴും ഒരു കുട്ടിയാണ്. വിവാഹം എന്ന വാക്കുച്ചരിക്കാൻപോലും എനിക്കധികാരമില്ല. ഒരു ഞെട്ടിൽ കിളുത്ത രണ്ടു പൂമൊട്ടുകൾ; ഒന്നു വിടന്നു പൂവായി. മററതിപ്പോഴും വിരിയുന്നതേയുള്ളു. എന്തോ? ലീലയുടെ കത്തിന്നു മറുപടി അയക്കാൻ ഞാൻ മുതിർന്നില്ല. നിശ്ശബ്ദമായി ഞാനെല്ലാം സഹിച്ചു. ഞാനൊരുതരം ത്യാഗത്തിന്നു തയാറാവുകയായിരുന്നു. ജീവിതത്തിന്നുചുററും ചിലന്തി വല കെട്ടിയിരിക്കയാണ്. പുറത്ത് കടക്കണമെന്നുണ്ട്. പക്ഷെ ഭയം തോന്നുന്നു. ഞാൻ ഭീരുവാണോ? ലീലയുടെ വിവാഹത്തിന്റെ ക്ഷണനക്കത്തെനിക്കുകിട്ടി. വരൻ ബോമ്പെയിലൊരു ഉദ്യോഗസ്ഥനാണ്. ഇരുളിൽമൂടിയ കുറെ ദിവസങ്ങൾ ഓടിപ്പോയി. ലീലയുടെ വിവാഹത്തിന്നു പോകാൻ എന്റെ മനസ്സാക്ഷി എന്നെ അനുവദിച്ചില്ല. എന്റെ മാത്രമെന്നാശിച്ച ഞാൻ കാത്തിരുന്ന ലീല വേറെ ഒരാളുടെ സ്വന്തമാകുന്നത് കാണാൻ എന്തോ എനിക്കത്ര സുഖം തോന്നിയില്ല. എങ്കിലും അവളുടെ ഉയർച്ചയിൽ സന്തോഷിക്കാൻ ഞാൻ ശ്രമിച്ചു. അവൾ വേദനിക്കുന്നത് കാണാൻ എനിക്കാഗ്രഹമില്ല.

കഴിഞ്ഞ ക്രിസ്തുമസ്സ് ഒഴിവുകാലത്ത് ഞാൻ വീട്ടിൽ ചെന്നപ്പോഴറിഞ്ഞു ലീലയും അവളുടെ ഭർത്താവും ലീവിൽ വന്നിട്ടുണ്ടെന്ന്. കഴിയുന്നതും ലീലയെ നേരിൽകാണാതിരിക്കാൻ ഞാൻ ആഗ്രഹിച്ചു. കോളേജ് തുറക്കുന്നതിന്നുമുമ്പുതന്നെ മടങ്ങിയാലോ എന്നുകൂടി ഞാനാശിച്ചു. ഒഴിവുകാലത്തൊരുദിവസം ഉച്ചസമയത്ത് ഞാൻ മുറിയിലിരുന്നു പുസ്തകം വായിക്കുകയാണ്. ഒരു കാല്പെരുമാററംകേട്ട് ഞാൻ പുസ്തകത്തിൽനിന്നും കണ്ണെടുത്തുനോക്കി. ലീലയുണ്ട് എന്റെമുമ്പിൽ നിൽക്കുന്നു. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ പ്രയാസംതോന്നി. എനിക്കൊന്നും സംസാരിക്കാൻ സാധിക്കുന്നില്ല. നാവ് അനങ്ങുന്നില്ല. ഒരു സമുദ്രംമുഴുവൻ വലിച്ചുകുടിക്കാനുള്ള ദാഹം. ലീല നിശ്ചലയായി നില്ക്കുകയാണ്. ആ കവിൾതടങ്ങളിൽകൂടി കണ്ണുനീർ ഒഴുകി അവൾ അണിഞ്ഞിരുന്ന നൈലോൺ ചോളിയെ നനച്ചു. അവസാനം അവൾ വിളിച്ചു "ചേട്ടാ"! അവൾ പൊട്ടിക്കരഞ്ഞു. എന്റെ കണ്ണുകളും നനഞ്ഞിരുന്നു. "ചേട്ടനെന്താണൊന്നും മിണ്ടാത്തത്?.... ഞാൻ തെററുകാരിയാണോ?.... .. പറയൂ ചേട്ടാ.......,..... എന്നോട് മിണ്ടില്ലേ?" ലീല എന്റെ മുമ്പിൽ നില്ക്കുന്നത് എനിക്കിഷ്ടപ്പെട്ടില്ല. ഭർത്താവുള്ള സ്ത്രീ പഴയ കാമുകന്റെ മുമ്പിൽ നിൽക്കുന്നത് തെററാണ്. വേറെയാരെങ്കിലും കണ്ടാൽ എത്ര കുറച്ചിലാണ്? "ലീലെ! പോകൂ"! അതുമാത്രം പറയാനേ എനിക്കു കഴിഞ്ഞുള്ളു. ഞാൻ തല താഴ്ത്തിത്തന്നെ ഇരുന്നു. എനിക്ക് വീർപ്പുമുട്ടുന്നു

പോലെ തോന്നി. അവൾ അവിടെതന്നെ അനങ്ങാതെനിന്നു. പൊട്ടിക്കരഞ്ഞു, "ചേട്ടനെന്നെയങ്ങ് കൊന്നേക്കണം"! "എല്ലാം മതിയായി". ലീല കരയുന്നത് കണ്ടുനിൽക്കാൻ എനിക്കു സാധിച്ചില്ല. ഞാൻ സാവധാനം എണീററു. എൻെറ കൈ വിറക്കുന്നുണ്ടായിരുന്നു. ഞാൻ അവളുടെ കണ്ണുനീർ തുടച്ചുകൊടുത്തു. "കരയാതിരിക്കു ലീലെ, നിന്നോടൊരു വിരോധവുമില്ല. ഈ ജന്മമൊട്ടുണ്ടാകയുമില്ല. പക്ഷെ നീ എൻെറ മുന്നിൽനില്ക്കുന്നത് മററാരെങ്കിലും കണ്ടാൽ" ................................ ...."പോകു അനിയത്തി"...................ഒരു ഇടിവെട്ടുന്ന ഉച്ചത്തിലാണ് ഞാൻ അവസാനത്തെ വാക്കുപറഞ്ഞത്. വെളിയിലാരുടെയോ കാൽപെരുമാററംകേട്ടു. ലീല സാവധാനം മുറിയിൽനിന്നിറങ്ങിപ്പോയി. ആ പോക്ക് നോക്കിക്കൊണ്ട് ഞാൻ ഒരു മരംപോലെ അനങ്ങാതെനിന്നു. ചേതന് നശിച്ച ഒരു അനുഭവം! പിറെറദിവസംതന്നെ ഒരത്യാവശ്യകാര്യമുണ്ടെന്നുപറഞ്ഞ് ഞാൻ വീട്ടിൽനിന്നും പോന്നു. ഇനിയും അവിടെ നിന്നാൽ ലീലയെ സന്ധിക്കേണ്ടിവരും, എനിക്കൊരു പക്ഷെ ഭ്രാന്തുപിടിച്ചേക്കും!

കോളേജിൽനിന്നും പത്തുമണിയടിച്ചു. ഞാൻ ഞെട്ടിയുണർന്നു. തുറന്നുവെച്ച കെമിസ്ട്രി ടെക്സ്റ്റ് അപ്പോഴും മുമ്പിലിരുന്നു ചിരിക്കുന്നു. "Atoms are........................ indivisible." ഒന്നും വ്യക്തമല്ല! ഹൃദയം സ്വസ്ഥമല്ല. വലയങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. അവ അനന്തതയിൽ ലയിച്ചുചേരുകയാണ്. ഹോസ്റ്റലിൻെറ മുററത്തുള്ള ബദാം മരത്തിൻെറ ചില്ലകളിൽനിന്നു് ചിറകിട്ടടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ടൊരു രാപ്പാടി പറന്ന്പോകുന്നത് നീലനിറത്തിലുള്ള മർക്കുറി ലൈട്ടിൻെറ പ്രകാശത്തിൽ ഞാൻ കണ്ടു.